**പരീക്ഷാ – അടിയന്തിര പ്രാധാന്യം**

തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി
ഡയറക്ടറുടെ കാര്യാലയം (പരീക്ഷാ വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം – 1

നമ്പർ : VX3/213/2011 തീയതി : 20/01/2011

# സർക്കുലർ (Revised)

വിഷയം: തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വകുപ്പ് - 2010 - 2011 അക്കാദമിക് വർഷത്തിലെ ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾക്കായുള്ള മാതൃകാ പരീക്ഷകൾ - ഫെബ്രുവരി 2011 – നടത്തിപ്പ് സംബന്ധിച്ച്.

ഒന്നും രണ്ടും വർഷ വി. എച്ച്. എസ്. ഇ. വിദ്യാർത്ഥികളുടെ മാതൃകാ പരീക്ഷകൾ 2011 ഫെബ്രുവരി 1 മുതൽ ഫെബ്രുവരി 8 വരെ നടത്തേണ്ടതാണ്. സ്കൂളുകളുടെ സൗകര്യത്തിനനുസരിച്ച് പരീക്ഷാ ടൈംടേബിൾ പ്രിൻസിപ്പൽമാർക്ക് ക്രമീകരിക്കാവുന്നതാണ്. പ്രാക്ടിക്കൽ ഉള്ള നോൺ വൊക്കേഷണൽ വിഷയങ്ങൾക്ക് 2 മണിക്കൂറും പ്രാക്ടിക്കൽ ഇല്ലാത്ത നോൺ വൊക്കേഷണൽ വിഷയങ്ങൾക്കും എല്ലാ വൊക്കേഷണൽ വിഷയങ്ങൾക്കും രണ്ടര മണിക്കൂറുമാണ് പരീക്ഷാ സമയം. കൂൾ ഓഫ് സമയം 15 മിനിറ്റാണ്. (പരീക്ഷാ നടത്തിപ്പ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് 15/01/2011 ലെ ഇതേ നമ്പർ (2) സർക്കുലർ കാണുക.)

ക്ലസ്റ്റർ മീറ്റിംഗുകളിൽ വച്ച് അദ്ധ്യാപക ഗ്രൂപ്പുകൾ തയ്യാറാക്കി അപ്‌ലോഡ് ചെയ്യപ്പെട്ട ചോദ്യപേപ്പറുകളിൽ നിന്നും സ്കൂൾ പ്രിൻസിപ്പൽമാർ തങ്ങളുടെ സ്കൂളിലെ അദ്ധ്യാപകർ തയ്യാറാക്കിയതല്ലാത്ത ചോദ്യപേപ്പറുകൾ ഡൗൺലോഡ് ചെയ്ത് നിർദ്ദിഷ്ടം ടൈംടേബിൾ പ്രകാരം മോഡൽ പരീക്ഷകൾ നടത്തേണ്ടതാണ്. ആയതിലേക്ക് ആവശ്യമായ തുക (ചോദ്യപേപ്പർ അച്ചടിക്കായി) ടേം പരീക്ഷയ്ക്കായി സ്വീകരിച്ചിട്ടുള്ള ഫീസിൽ നിന്നോ, സ്പെഷ്യൽ ഫീസിന്റെ സ്റ്റേഷനറി ഫീസ് ഇനത്തിൽ നിന്നോ ലഭ്യതയനുസരിച്ച് പിൻവലിച്ചുപയോഗിക്കാവുന്നതാണ്. (15/01/2011 ലെ VX3/213/2011 (1) സർക്കുലർ റദ്ദ്ചെയ്തിരിക്കുന്നു.)

*(Sd/-)*
**ചെയർമാൻ**

സ്വീകർത്താവ്
വി. എച്ച്. എസ്. സ്കൂൾ പ്രിൻസിപ്പാൾ
പകർപ്പ്:
എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും